# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P10/2216/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P10/2216/2023 തീയ്യതി: 28/12/2023

# കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-12-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എസ്.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2023 | 18-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2023 | 18-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അനിൽകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീ.സുനിൽ കുമാർ യു.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി. രാജശ്രീ സി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വൽസലകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അജയകുമാർ സി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 06-04-2022 |
| ശ്രീ. വിനോദ് കുമാർ ബി. | സെക്രട്ടറി | 07-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സേതുകുമാരി യു. | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.രതീഷ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി ബിനീഷ ബി. | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 29-07-2022 | 04-08-2022 |
| ശ്രീ. നന്ദുകുമാർ കെ. | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീ. റ്റി.ആർ. സുബുകുമാർ | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് | 01-04-2022 | 31-03-2023 |
| ശ്രീ. തോമസ്സ് എ.എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-05-2022 |
| ശ്രീമതി പത്മജാദേവി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2022 | 23-06-2022 |
| ശ്രീ. ഉമേഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-06-2022 | 31-03-2023 |
| ശ്രീമതി ഹരിത ടി. കുറുപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 26-12-2022 |
| ശ്രീ. സനിത്ത് എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-12-2022 | 31-03-2023 |
| ശ്രീ. വിനോദ് വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. തോമസ്സ് കെ.എൽ. | വെറ്ററിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ. പി. കെ. ആനന്ദ് | വെറ്ററിനറി സർജൻ | 01-06-2022 | 05-09-2022 |
| ഡോ. സിനിൽ കുമാർ | വെറ്ററിനറി സർജൻ | 06-09-2022 | 31-03-2023 |
| ശ്രീമതി സീന റ്റി. ജെ. | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സജീന എസ്. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 15-02-2023 |
| ശ്രീമതി ലതികുമാരി അമ്മ | ഐസിഡിഎസ് സൂപ്പർവൈസർ | 16-02-2023 | 31-03-2023 |
| ശ്രീ. സനൽ എസ്. കാർത്തികേയൻ | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി ആഷികാ ഗൗരി | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി ഗോപിക എൽ. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ഡോ. മുഹമ്മദ് ഷാഫി | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സുജ | മെഡിക്കൽ ഓഫീസർ ( ആയുർവേദം) | 01-04-2022 | 27-06-2022 |
| ഡോ. ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 28-06-2022 | 31-03-2023 |
| ഡോ. ഡോളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ് കൃത്യമല്ല. | 1-1-5 |
| 7 | വികസനഫണ്ട് (ജനറൽ), എസ്.സി.പി, സി.എഫ്.സി. വിഹിതത്തിലെ തുകകൾ കൃത്യമല്ല. | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-7 |
| 9 | ലൈഫ് ഭവന പദ്ധതി വായ്പ - സ്റ്റേറ്റ് ഷെയർ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയ വർഷം | 1-10 |
| 19 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. | 1-11 |
| 20 | തനതുവിഭവ സമാഹരണം - അവലോകനം | 1-12 |
| 21 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ പലിശ രഹിതമായി തുക അവശേഷിക്കുന്നു. | 1-13 |
| 22 | ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-14 |
| 23 | പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കേബിൾ കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. | 1-15 |
| 24 | ഓണച്ചന്തയിലെ കച്ചവടത്തിന് കുടുംബശ്രീക്ക് തുക നൽകൽ - രേഖകളുടെയും, സർക്കാർ നിർദ്ദേശത്തിന്റെയും അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 25 | പാലിയേറ്റീവ് കെയർ പരിചരണം - ഉപകരണങ്ങൾ ലഭ്യമായില്ല. | 1-17 |
| 26 | ഹരിതകർമ്മസേന - അവലോകനം | 1-18 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ - വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തി. | 1-19 |
| 28 | പ്രവൃത്തി പൂർത്തീകരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 29 | കരാറുകാരിൽ നിന്ന് 2% ജി.എസ്.റ്റി. ബില്ലിൽ കുറവു ചെയ്തില്ല. | 1-21 |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മിഷൻ ഡയറക്ടറുടെ നിർദേശത്തിനു വിരുദ്ധമായി സിമന്റ് വില നൽകി. | 1-22 |
| 31 | ഇ.എം.ഡി തുക മുതൽക്കൂട്ടേണ്ടതാണ്. | 1-23 |
| 32 | ടാർ ബാരൽ വില ഈടാക്കിയില്ല. | 1-24 |
| 33 | ഇൻഷ്വറൻസ് എടുക്കുന്നതിലെ വീഴ്ച - ഫൈൻ ഈടാക്കിയില്ല. | 1-25 |

| | | |
|---|---|---|
| 34 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് ( (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥ ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസിം എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കുന്നത ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്ന ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 15-7-2023 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19-7-23 ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാ മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന് ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടു മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡ നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തത എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം . നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടു സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെ തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്ത അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെ അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ല പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽക വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമ വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമാ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക സാമ്പത്ത നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചി നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥ അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുക

പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ലെ "Net Increase/Decrease In And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38,41,735/-രൂപയാണ്. എന്നാൽ പത്രികയിൽ 2022-23 ലെ "Net Cash Generated By Operating + Investing + Financing Activity" ആ രേഖപ്പെടുത്തിയിരിക്കുന്നത് 75,33,107/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ട് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല.

26/07/2011-ലെ ജി.ഒ.(എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികള മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂ വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എ ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17 (2) ഡി അനുസരിച്ച് 1/4/2022 നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് (റെസിഡൻഷ്യൽ/നോ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതും 202 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തില വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജി അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാ ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്ത നടത്തുന്നില്ല.

## 1-1-5 ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ് കൃത്യമല്ല.

ഷെഡ്യൂൾ I-6: ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ് സുലേഖ പത്രികയി ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഗുണഭോക്തൃവിഹിതമിനത്തിൽ മുൻബാക്കി 5,94,712/-രൂപ ഉൾപ്പെടെ തൻവർഷം 34,57,( രൂപ വരവുണ്ട്. എന്നാൽ 7,71,522/-രൂപ ചെലവഴിച്ചതായി വാർഷിക ധനകാര്യ പത്രികയ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സുലേഖ ചെലവ് പത്രികയിലെ ചെലവുമ പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃവിഹിതമിനത്തിലെ 2022-23 വർഷ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 4,93,630/-രൂപ മാത്രമാണ്.

## 1-1-6 വികസനഫണ്ട് (ജനറൽ), എസ്.സി.പി, സി.എഫ്.സി. വിഹിതത്തിലെ തുകകൾ കൃത്യമല്ല.

വികസനഫണ്ട് (ജനറൽ), എസ്.സി.പി., ധനകാര്യ കമ്മീഷൻ വിഹിതത്തിലെ എ.സി.ആ പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെല പൊരുത്തപ്പെടുന്നില്ല.

| | എ.സി.ആർ. പ്രകാരം ചെലവ് (₹) | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,07,61,187/- | 2,16,42,000/- |
| വികസനഫണ്ട് (എസ്.സി.പി.) | 1,52,46,003/- | 1,62,11,000/- |
| ധനകാര്യ കമ്മീഷൻ (ടൈഡ് + അൺടൈഡ്) | 1,00,36,006/- | 96,26,014/- |

മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിലെ എ.സി.ആർ. പ്രകാരമുള്ള വരവും യഥാർ വരവും പൊരുത്തപ്പെടുന്നില്ല.

| | എ.സി.ആർ. പ്രകാരം വരവ് (₹) | യഥാർത്ഥ വരവ് (₹) (സ.ഉ.(അ) നം. 99/2022/ധന തീയതി 27/08/2022 |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 44,55,300/- | 38,73,000/- |

മെയിന്റനൻസ് ഫണ്ട് (റോഡ്) വിഹിതത്തിൽ നിന്ന് ആദ്യ ഗഡുവായി അനുവദിച്ച 44,55,3 രൂപയിൽ നിന്നും അധികമായി അനുവദിച്ച 18,73,300/-രൂപ രണ്ടാം ഗഡുവിൽ നിന്ന തിരികെ ഈടാക്കിയതും, മൂന്നാം ഗഡുവായി അനുവദിച്ച 12,91,000/-രൂപയുടെ കണക്കുക എ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം.

കേന്ദ്രധനകാര്യ കമ്മീഷൻ വിഹിതത്തിനായുള്ള ബാങ്ക് അക്കൗണ്ടിന്റെ B-17 പ്രകാരമു നീക്കിയിരിപ്പും പ്രസ്തുത ഹെഡിന്റെ B-4 പ്രകാരമുള്ള ബാധ്യത തുക പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.
എസ്.ബി.ഐ (സി.എഫ്.സി ഗ്രാന്റ്) ബാലൻസ് = ₹20,18,464/-
320200104, 320200113 ഹെഡുകളിലെ തുക = ₹22,61,696/-
വ്യത്യാസം = ₹2,43,232/-

## 1-1-8 ലൈഫ് ഭവന പദ്ധതി വായ്പ - സ്റ്റേറ്റ് ഷെയർ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന പദ്ധതിയുടെ ലോൺ, സ്റ്റേറ്റ് ഷെയർ എന്നീ ഇനങ്ങളിലെ ബാധ്യതയാ രേഖപ്പെടുത്തിയിരിക്കുന്ന തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമാ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

18.03.2022 ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്ക്കരിച്ച ബ 03.03.2023 ലെ 2(1) നം. തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10,018,408/-രൂപ |
| വരവ് | 5,26,93,043/-രൂപ |
| ആകെ | 6,27,11,451/-രൂപ |
| ചെലവ് | 4,88,51,308/-രൂപ |
| നീക്കിയിരിപ്പ് | 1,38,60,143/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,42,728/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളി ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,24,92,000/- | 2,24,92,000/- | 2,16,42,000/- | 8,50,000/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,64,11,000/- | 1,64,11,000/- | 1,62,11,000/- | 2,00,000/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 38,73,000/- | 38,73,000/- | 38,73,000/- | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 59,87,000/- | 59,87,000/- | 59,87,000/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്- അൺടൈഡ്) - ട്രഷറി | 0 | 1,74,909/- | 1,74,909/- | 1,72,169/- | 2,740/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6,14,202/- | 28,17,000/- + 1,27,548/- | 35,58,750/- | 28,33,668/- | 7,25,082/- |

| | | | | | |
|---|---|---|---|---|---|
| (ബേസിക്-അൺടൈഡ്) - ബാങ്ക് | | (Interest) -------------- 29,44,548/- | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ട്രഷറി | 0 | 44,38,915/- | 44,38,915/- | 19,64,701/- | 24,74,214/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 19,66,090/ | 4226,000/- | 6192090/- | 4655476/- | 1536614/- |
| | | | | | |

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 14,50,800/- | 35,00,000 + 49,519 = 35,49,519/- | 50,00,319/- | 23,20,000/- | 26,80,319/- (പലിശ ഉൾപ്പെടെ) |
| എസ് സി വകുപ്പ് ഫണ്ട് | 2,169/- | 0 | 2,169/- | 0 | 2,169/- |
| എൻ ആർ എച്ച്എം | 1,94,763/- | 0 | 1,94,763/- | 0 | 1,94,763/- |
| ഐ സി ഡി എസ് | 16,02,641/- | 16,18,352/- | 32,20,993/- | 68,908/- | 31,52,085/- |
| ടി എസ് സി | 7,97,152/- | 0/- | 7,97,152/- | 5,00,561/- | 2,96,591/- |
| എസ് ബി എം | 66/- | 3,10,547/- | 3,10,613/- | 3,10,613/- | 0 |
| ഹെൽത്ത് ഗ്രാന്റ് Diagnostic Infrastructure To The PHC's | 0 | 2,11,572/- | 2,11,572/- | 1,74,253/- | 37,319/- |
| ഹെൽത്ത് ഗ്രാന്റ് Convertion Of PHC's & Sub Centres Into Health & Wellness Centre | 0 | 81,381/- | 81,381/- | 79,999/- | 1,382/- |
| Fund For Transferred Institution - Ayush Department | 0 | 4,50,000/- | 4,50,000/- | 0 | 4,50,000/- |
| ശുചിത്വമിഷൻ-മഴക്കാല പൂർവ്വ ശുചീകരണം | 0 | 1,70,000/- | 1,70,000/- | 1,70,000/- | 0 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 5,78,890/- | 5,78,890/- | 5,78,890/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകര പ്രോജക്ടുകള ശതമാനം |
|---|---|---|---|---|---|---|
| 190 | 17,60,18,931/- | 155 | 7,37,43,974/- | 0 | 35 | 77% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 401/- | 13,95,682/- | 13,96,083/- | 13,96,023/- | 60/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 4,18,35,256/- | 4,18,35,256/- | 4,18,35,256/- | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം ത കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 0 |
| കർഷകതൊഴിലാളി പെൻഷൻ | 16,26,200/- |
| വിധവാ പെൻഷൻ | 1,21,59,000/- |
| വാർദ്ധക്യകാല പെൻഷൻ | 2,44,37,000/- |
| വികലാംഗപെൻഷൻ | 41,31,400/- |
| വിവാഹ ധനസഹായം | 1,20,000/- |
| 50 വയസു കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 6,81,800/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 14-12-2023 3.45 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,431/-രൂപ നീക്കിയിരിപ്പി കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്ത ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതി സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തന നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരു നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദ സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എ രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാര ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പ പ്രതിപാദിക്കും പ്രകാരം ചെലവുകൾ നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടു പണമായും ചെക്ക്, ഡി.ഡി ആയും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസ വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ്-ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദ തൃപ്തികരമാണ്.

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോ നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. (അതിർത്തി തർ നിലനിൽക്കുന്ന സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി ആസ്തിയിൽ ഉൾപ്പെടുത്തുന്ന കാലതാമസം നേരിടുന്നുണ്ട്.)

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലക കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കാനും കഴിയുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വർഷം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 07.12.2022 | 01.07.22 – 30.09.22 | 07.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2016 | 2011-12 മുതൽ 2015-16 വരെ | 08.11.2016 |

## 1-11 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി/സ്ഥാപന തൊഴിൽനികുതി എന്നിവയുടെ രജിസ്റ്റർ പരിശോധിച്ചത ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൽ.എൽ. തൻ വർഷ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓ എൻകചയറിയ്ക്ക് സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെ മറുപടി ലഭ്യമാക്കി. കേസിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. - 20/18.12.2023**

## 1-12 തനതുവിഭവ സമാഹരണം - അവലോകനം

I) വസ്തുനികുതി പരിഷ്ക്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനിക പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2 തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രക ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷ വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന് അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി നിശ്ചയിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മ വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമു നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോ നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വ കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനു നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരി പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നിക നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രക ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അ നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥ വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകള പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 19.04.2023-ലെ 6(1)-ാം ന ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുട 31.05.2023 ലെ 5(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വ നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

II) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയ

നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നി പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചി പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്ക സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേ ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേ ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമി പരിശോധിക്കേണ്ടതാണ്.

III) <u>തൊഴിൽ നികുതി</u>

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹ ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്ന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വക 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രക ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമാ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴ നികുതി ഈടാക്കേണ്ടതാണ്.

IV) <u>പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാ വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല</u>

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോക ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമാ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയതിട്ടുണ്ട്. എന്നാൽ തനത് വരുമാ വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധ യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

## <u>1-13 ഇ-പേയ്മെന്റ് അക്കൗണ്ടിൽ പലിശ രഹിതമായി തുക അവശേഷിക്കുന</u>

ഓൺലൈൻ ഇടപാടുകൾക്കായുള്ള എസ്.ബി.ഐ. യിലെ 37074034510-ാം നമ്പർ കറ അക്കൗണ്ടിൽ 31.03.23 വരെ 26,75,244/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക തനതുഫണ്ടിന് സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാത്തതിനാൽ പലിശയിനത്തിൽ ഗ്രാമപഞ്ചായത്ത നഷ്ടമുണ്ടാകുന്നു. ഇ-പേയ്മെന്റ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നിശ്ച ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിടാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-14 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | S0011/23, ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | ബ്ലോക്ക് പഞ്ചായത്ത് – ₹4,00,000/-<br>മെയിന്റനൻസ് ഫണ്ട്, (നോൺ റോഡ്) - ₹4,00,000/- | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് ) ₹4,00,000/- ( ബിൽ നം. 1, തീ. 09.11.22 ) |

മെഡിക്കൽ ഓഫീസർ-ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ട് പ്രക മരുന്നു വാങ്ങുന്നതിനായി ഹോംകോയ്ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കി മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം., തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം (രൂപ) | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം (രൂപ) |
|---|---|---|---|
| PF 531/11.10.22 | 4,00,000/- | 1,72,415/- | 2,27,585/- |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ പൂർണ്ണമാ ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറു ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്നതു വരെ 2,27,585/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തു മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

**ഓഡിറ്റ് എൻക്വയറി നം. – 4/14.12.2023**
**തടസ്സപ്പെടുത്തുന്ന തുക – 2,27,585/-രൂപ**

**1-15 പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെ കേബിൾ കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി.**

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ, ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രക ഗ്രാമപഞ്ചായത്തിലെ 4 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തനരഹിതവുമ സി.സി.ടി.വി. ക്യാമറകൾക്ക് കറണ്ട് ചാർജ്ജ് ഇനത്തിലും, ക്യാമറകൾ മോണിറ്റ ചെയ്യുന്നതിന് കേബിൾ വാങ്ങിയതിനും തുക ചെലവഴിച്ചതായി കാണുന്നു. ആയതിന് വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

**1) ഇന്റർനെറ്റ് കേബിൾ കണക്ഷൻ ചെലവ്**

| ഇനം | നൽകിയ തുക (രൂപ) | ചെക്ക് നം. |
|---|---|---|
| ക്യാമറകൾ മോണിറ്ററിംഗ് ചെയ്യുന്നതിന് കേബിൾ വാങ്ങിയ ചെലവ് | 620/- | 28716/6.12.22 |

**2) കറണ്ട് ചാർജ്ജ്**

| കാലയളവ് | കൺസ്യൂമർ നം. | സി.സി.ടി.വി ക്യാമറ സ്ഥിതിചെയ്യുന്ന സ്ഥലം. | നൽകിയ തുക(രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 4/22 | 1146137026687<br>1146139026684 | കുന്നത്തൂർ പാലം<br>പനന്തോപ്പ് | 1,464/-<br>1,373/- | 27098/4.5.22 |
| 5/22 | 1146137026687<br>1146134026685 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി | 353/-<br>1,251/- | 27476/18.6.22 |
| 6/22 | 1146137026687<br>1146134026685<br>1146139026684 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ് | 120/-<br>189/-<br>96/- | 27504/7.7.22 |
| 7/22 | 1146137026687<br>1146134026685<br>1146139026684 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ് | 455/-<br>221/-<br>162/- | 158081857/<br>22.8.22 |
| 8/22 | 1146137026687<br>1146134026685<br>1146139026684 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ് | 85/-<br>100/-<br>112/- | 158659107/<br>16.9.22 |
| 9/22 | 1146137026687<br>1146134026685<br>1146139026684 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ് | 98/-<br>98/-<br>98/- | 159411052/<br>17.10.22 |
| 10/22 | 1146137026687 | കുന്നത്തൂർ പാലം | 98/- | 6464879/ 16.11.22 |

| | | | | |
|---|---|---|---|---|
| | 1146134026685<br>1146139026684<br>1146135026686 | ഭൂതക്കുഴി<br>പനന്തോപ്പ്<br>ചെട്ടിയത്ത് മുക്ക് | 98/-<br>98/-<br>1,039/- | |
| 11/22 | 1146137026687<br>1146134026685<br>1146139026684<br>1146135026686 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ്<br>ചെട്ടിയത്ത് മുക്ക് | 98/-<br>98/-<br>98/-<br>159/- | 3757232/ 19.12.22 |
| 12/22 | 1146137026687<br>1146134026685<br>1146139026684<br>1146135026686 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ്<br>ചെട്ടിയത്ത് മുക്ക് | 98/-<br>98/-<br>127/-<br>198/- | 161821150/ 24.1.23<br>161973784/<br>31.1.23 |
| 1/23 | 1146137026687<br>1146134026685<br>1146139026684<br>1146135026686 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ്<br>ചെട്ടിയത്ത് മുക്ക് | 98/-<br>98/-<br>127/-<br>295/- | 162345143/15.2.23<br>3757238/ 15.2.23 |
| 2/23 | 1146137026687<br>1146134026685<br>1146139026684 | കുന്നത്തൂർ പാലം<br>ഭൂതക്കുഴി<br>പനന്തോപ്പ് | 98/-<br>98/-<br>127/- | 163021141/14.3.23 |
| | | **ആകെ** | **9,523/-** | |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം സ്ഥാപിച്ച മേൽ ക്യാമറകളുടെ പരിപാലനവും, ക്യാ വിഷ്വലുകളുടെ മോണിറ്ററിംഗ് സംവിധാനവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്ന ആയത് പ്രകാരം ഈ ക്യാമറകളുടെ മോണിറ്ററിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനു ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നതിന് കെൽട്രോണിൽ നിന്നുള്ള ഉദ്യോഗസ്ഥ എത്തിയെങ്കിലും, ഈ ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നതിന് INTEL CORE I5 Or H സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ ആവശ്യമാണെന്ന് അറിയിച്ചിരുന്നു. എന്ന ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ ഈ ആപ്ലിക്കേ പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് പരിധിയി സ്ഥാപിച്ചിരിക്കുന്ന സി.സി.ടി.വി. ക്യാമറകൾ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥതയിലും, നിയന്ത്രണത്തിലും ഉള്ളതാണെന്നും ക്യാമറകളുടെ പ്രവർത്തന ഏകോപിക്കുന്നതും, മോണിറ്ററിംഗും നിർവ്വഹിക്കുന്നതും ബ്ലോക്ക് പഞ്ചായത്താണെ പഞ്ചായത്ത് പരിധിയിൽ മാലിന്യങ്ങൾ രാത്രികാലങ്ങളിൽ നിക്ഷേപിക്കുന്നത് തടയ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ഈ പദ്ധതിയ്ക്ക് പഞ്ചായത്ത് ഫണ്ടിന്റെ അപര്യാ മൂലമാണ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടർ വാങ്ങാൻ കഴിയാത്തതെ മറുപടി ലഭ്യമാക്കി. പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർ കേബിൾ കണക്ഷൻ ഇനത്തിലും, കറണ്ട് ചാർജ്ജ് ഇനത്തിലും നൽകിയ 10,143/- (9,52 620)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്യാമറകൾ പ്രവർത്തനസജ്ജമാക്കി മറു ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 13/16.12.23**

**തടസ്സപ്പെടുത്തുന്ന തുക - 10,143/-രൂപ**

## 1-16 ഓണച്ചന്തയിലെ കച്ചവടത്തിന് കുടുംബശ്രീക്ക് തുക നൽകൽ - രേഖകളുടെയും, സർക്കാർ നിർദ്ദേശത്തിന്റെയും അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓണച്ചന്തയിലെ കച്ചവടത്തിന് കുടുംബശ്രീ ചെയർപേഴ്സണ് തനത് ഫണ്ടിൽ നിന്ന് 5,000/-( (ചെക്ക് നം-28522/13.9.22) നൽകി. ആയതിനാധാരമായ സർക്കാർ ഉത്തരവ്, ചെലവ് രേഖ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡ എൻക്വയറിക്ക് 2022 ലെ ഓണ വിപണനമേള പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹാ

സംബന്ധിച്ച ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2
ലെ 7249/J1/2018/KSHO നമ്പർ ഉത്തരവ്, 29.8.22 ലെ 8(3) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മ
തീരുമാനം എന്നിവ പ്രകാരമാണ് 5,000/-രൂപ നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കി
ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽ ഉത്ത
ഖണ്ഡിക 6 ലെ ഉപഖണ്ഡിക 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധ
വിഹിതത്തിൽ കുടുംബശ്രീ വിപണന മേളയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്ക
ആയത് അടിയന്തിരമായി കുടുംബശ്രീ സി.ഡി.എസിന് ലഭിക്കുന്നതിന് ആവശ്യമായ നട
സ്വീകരിക്കണമെന്നാണ് പറയുന്നത്. ഗ്രാമപഞ്ചായത്ത് കുടുംബശ്രീ വിപണന മേളയ്ക്ക
